# PROSPECTUS 2020

# RAHMANI COURSE

An Integrated
PG Course in Islamic
Studies& Humanities






Head office:

## الكلية الرحمانية العربية كدميرى

## RAHMANIYYA CAMPUS KATAMERI

P.O Katameri, Via. Villyapally, Vatakara, Kozhikkode, Kerala - 673542
Phone: +91 496 2550250, +91 8547281270,
Website: www.rahmaniyya.com. E-mail: deskrahmani@gmail.com
Academic Director: +91 9946917986, Academic co-ordinator : +91 9847790786

# റഹ്മാനി കോഴ്സ് - ലഘു പരിചയം

തെന്നിന്ത്യയിലെ മത ഭൗതിക സമന്വയ വിദ്യാഭ്യാസ രംഗത്തെ സുന്ദര സാന്നിദ്ധ്യമാണ് കരമേരി റഹ്മാനിയ്യ. വടക്കേ മലബാറിലെ വടകര താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം നിഷ്കാമ കർമ്മിയും സൂഫീവര്യനുമായിരുന്ന ചീക്കിലോട്ട് കുഞ്ഞമ്മദ് മുസ്‌ലിയാരുടെ (ന.മ) മഹനീയ നേതൃത്വത്തിലാണ് 1972 ൽ പിറവി കൊണ്ടത്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് കൊണ്ട് പ്രതികരിക്കാനുതകുന്ന ഒരു പറ്റം പണ്ഡിതന്മാരെ വാർത്തെടുക്കുകയെന്ന മഹനീയ ലക്ഷ്യത്തോടു കൂടിയാണ് ചീക്കിലോട്ടോർ ഇറങ്ങിപ്പുറപ്പെട്ടത്. ആത്മാർത്ഥതയും നിഷ്കളങ്കതയും കൈമുതലാക്കിയുള്ള മഹാന്റെ പ്രവർത്തനങ്ങളാണ് റഹ്മാനിയക്ക് അടിത്തറ പാകിയത്. എം.എം ബശീർ മുസ്‌ലിയാർ, കോട്ടുമല ടി.എം ബാപ്പു മുസ്‌ലിയാർ തുടങ്ങിയ മഹത്തുക്കളുടെ നിസ്വാർത്ഥ സേവനം റഹ്മാനിയ്യയുടെ വളർച്ചയിൽ നിസ്സീമമായ പങ്ക് വഹിച്ചിട്ടുണ്ട്. അല്ലാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

മലയാളക്കരയുടെ ആധികാരിക പണ്ഡിത സഭയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയാദർശങ്ങളാണ് റഹ്മാനിയ്യയും അഫിലിയേറ്റഡ് സ്ഥാപനങ്ങളും പിന്തുടരുന്നത്.

മഹാനായ മർഹൂം കണ്ണിയ്യത്ത് അഹ്മദ് മുസ്‌ലിയാർ(ന.മ) വിദ്യാർത്ഥികൾക്ക് വിഖ്യാത ഫിഖ്ഹീ ഗ്രന്ഥമായ ഫത്ഹുൽ മുഈനിന്റെ ആദ്യവരികൾ ഓതിക്കൊടുത്താണ് റഹ്മാനി കോഴ്സിന് തുടക്കം കുറിച്ചത്.

നാലര പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളക്കരയിൽ സമന്വയ വിദ്യാഭ്യാസത്തിന്റെ ഊടും പാവും രൂപപ്പെട്ട തറവാട്ടുമുറ്റമാണ് കടമേരി റഹ്മാനിയ്യ. പൗരാണിക ദർസീ കിതാബുകളോടൊപ്പം ഭൗതിക വിദ്യകൾ ഒരുമിച്ചു നൽകുന്ന മഹത്തായ കരിക്കുലമാണ് എട്ടു വർഷ റഹ്മാനി കോഴ്സ്.

പാരമ്പര്യത്തിന്റെ തനിമ കാത്തു സൂക്ഷിക്കുന്നതിലും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിലും റഹ്മാനികൾ മുസ്‌ലിം കേരളത്തിന്റെ ആശയും പ്രതീക്ഷയുമായി നില കൊള്ളുന്നു. സമൂഹം ഏറെ പ്രതീക്ഷയോടു കൂടിയാണ് ഇന്ന് റഹ്മാനി സ്ഥാപനങ്ങളെയും റഹ്മാനികളെയും നോക്കിക്കാണുന്നത്.

മത വിഷയങ്ങളിൽ സ്പെഷലൈസേഷന് അവസരമുള്ള മുതവ്വൽ ബിരുദ പഠനത്തിന് പുറമെ പ്ലസ്ടു, ഡിഗ്രി, പി.ജി എന്നിവ ഉൾക്കൊള്ളുന്ന റഹ്മാനി കോഴ്സ് നാലു സെഷനുകളിലായി നടത്തപ്പെടുന്നു. എല്ലാ സെഷനുകളിലും വിദ്യാർത്ഥികൾ വിവിധ ഭാഷകളിലായി ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കുന്നു.





# റഹ്മാനിയ്യഃ കടമേരി

റഹ്മാനിയ്യ കാമ്പസിലെ മാതൃ സ്ഥാപനമാണ് അറബിക് കോളേജ്. 1972 ൽ കടമേരി ജുമാ മസ്ജിദിൽ വെച്ച് പൗരാണിക ദർസീ കിതാബുകളും ആവശ്യമായ ആധുനിക വിജ്ഞാനങ്ങളും ഉൾപ്പെടുത്തിയ സിലബസ് അനുസരിച്ച് പ്രവർത്തനം തുടങ്ങി. അക്കാദമിക് തലത്തിലെ അതി നൂതന സംവിധാനങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യയും ഉൾക്കൊള്ളുന്ന സിലബസാണ് നിലവിലുള്ളത്. കേരളത്തിലും ഇ തര സ്റ്റേറ്റുകളിലുമുള്ള മുന്നൂറിൽ പരം വിദ്യാർത്ഥികളാണ് ഈ സ്ഥാപനത്തിൽ പഠിക്കുന്നത്.

ഖുർആൻ, ഹദീസ്, കർമ്മ ശാസ്ത്രം, അറബി സാഹിത്യം തുടങ്ങിയവയിൽ ഉന്നത ശീർഷകരായ പണ്ഡിതർ രചിച്ച ആധികാരിക ഗ്രന്ഥങ്ങളാൽ സമ്പുഷ്ടമാണ് റഹ്മാനിയ്യ ലൈബ്രറി. ശാസ്ത്രം, സാഹിത്യം, ചരിത്രം, ആത്മ സംസ്കരണം, യാത്രാ വിവരണം, ആശയാദർശം, നിരൂപണം, വിമർശന പഠനം, കഥ, കവിത, വ്യാഖ്യാനം തുടങ്ങിയ വൈവിധ്യ മേഖലകളിൽ ഉത്തരാധുനിക ചിന്തകരും ലോക പ്രശസ്ത സാഹിത്യ പ്രതിഭകളും സമർപ്പിച്ച വിഖ്യാത കൃതികൾ ലൈബ്രറിയെ ധന്യമാക്കുന്നു. അറബി, ഉർദു, ഇംഗ്ലീഷ്, മലയാളം ഭാഷകളിലായി ധാരാളം പുസ്തകങ്ങൾക്ക് പുറമെ ഡിക്ഷണറികൾ, ഭാഷാ പഠന സഹായികൾ എന്നിവയും ഉൾക്കൊള്ളുന്നു. ലൈബ്രറി കം റിസർച്ച് സെന്ററിൽ ഡിജിറ്റൽ റഫറൻസ് സൗകര്യവും ലഭ്യമാണ്.

വിദ്യാർത്ഥികളുടെ നാനോന്മുഖ പോരോഗതിക്ക് ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഈ മഹത് സ്ഥാപനം രാജ്യാന്തര തലത്തിൽ  ശ്രദ്ധ നേടിയിട്ടുണ്ട്. വിവിധ ജില്ലകളിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.  35 വിദ്യാർത്ഥികൾക്കാണ് ഈ വർഷം പ്രവേശനം നൽകുന്നത്.

## സവിശേഷതകൾ

- മത- ഭൗതിക രംഗത്ത് അംഗീകൃത ബിരുദം
- പാരമ്പര്യ ദർസീ കിതാബുകൾക്ക് പ്രാമുഖ്യം
- ആത്മീയാധിഷ്ഠിത പാഠ്യേതര പ്രവർത്തനങ്ങൾ
- വിവിധ ജില്ലകളിൽ അഫിലിയേറ്റഡ് സ്ഥാപനങ്ങൾ
- ഹാഫിളുകൾക്ക് ദൗറ സൗകര്യത്തോടെ പ്രത്യേക ബ്രാഞ്ച്
- ഗവേഷണങ്ങൾക്കായി ഇ-റിസോഴ്സ് ഫെസിലിറ്റി
- വിദ്യാർത്ഥികളുടെ വിവരങ്ങൾ രക്ഷിതാക്കൾക്ക് വീട്ടിലിരുന്ന് നിരീക്ഷിക്കാവുന്ന സംവിധാനം
- കലാ-സാഹിത്യ മേഖലകളിൽ പ്രത്യേക പരിശീലനം
- സെർട്ടിഫൈഡ് കമ്പ്യൂട്ടർ കോഴ്സുകൾ
- പേഴ്സണാലിറ്റി ഡെവലപ് മെന്റ് പ്രോഗ്രാം
- അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ മികച്ച കോച്ചിംഗ്,
- ഫങ്ഷണൽ അറബിക്, ഉർദു ഡിപ്ലോമകൾ



# അഫിലിയേറ്റഡ് കോളേജുകൾ

## ശംസുൽ ഉലമ ഇസ്‌ലാമിക് സെന്റർ. പൊയിലൂർ

കണ്ണൂർ ജില്ലയിലെ പൊയിലൂർ മേഖലയിൽ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി സ്ഥാപിതമായ മഹത്തായ സ്ഥാപനമാണ് ശംസുൽ ഉലമ ഇസ്‌ലാമിക് സെന്റർ. സുന്നത്ത് ജമാഅത്തിന്റെ ആശയാദർശങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഈ സ്ഥാപനം മഹത്തായ പങ്ക് വഹിക്കുന്നു. മൂന്നാം വർഷ അഡ്മിഷനിൽ യോഗ്യരായ 20 വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകപ്പെടുന്നത്.

## ശംസുൽ ഉലമ ഇസ്‌ലാമിക് അക്കാദമി. ആയഞ്ചേരി

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരിയിൽ 2009 ൽ പാണക്കാട് സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങളുടെ അനുഗ്രഹീത കരങ്ങളാൽ ശിലാസ്ഥാപനം നടത്തിയ അക്കാദമി ഇസ്‌ലാമിക മത പ്രബോധന രംഗത്ത് മുന്നേറുന്നു. പ്രഥമ സംരംഭമായ ഹിഫ്ള് കോളേജിന് 2013 ൽ സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഖുർആനിലെ ഏതാനും മഹത് വാക്യങ്ങൾ പാരായണം ചെയ്ത് തുടക്കം കുറിച്ചു. അക്കാദമിയിൽ ഹിഫ്ള് പഠനത്തോടൊപ്പം സ്കൂൾ വിദ്യാഭ്യാസവും ഇവിടെ നൽകപ്പെടുന്നു. എസ്.എസ്.എൽ.സി തുടർപഠന യോഗ്യത നേടിയ ഹാഫിളുകൾക്ക് ദൗറയോടു കൂടി ഉപരി  പഠനം നടത്താൻ 2018 ൽ ശരീഅത്ത് കോളേജിന് തുടക്കം കുറിച്ചു.റഹ്മാനി ബിരുദത്തിന് പ്രാപ്തരാക്കുന്ന ഈ മഹദ് സ്ഥാപനത്തിൽ യോഗ്യരായ 20 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു.

## സൈനുൽ ഉലമ ഇസ്‌ലാമിക് അക്കാദമി. കൊണ്ടോട്ടി

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഖാസിയാരകത്ത് പ്രവർത്തിക്കുന്ന മഹത്തായ സ്ഥാപനമാണിത്. സമസ്ത ജനറൽ സെക്രട്ടറിയായിരുന്ന മർഹൂം ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാരുടെ സ്മരണക്കായി സ്ഥാപിതമായതാണിത്. യോഗ്യരായ 25 വിദ്യാർത്ഥികൾക്കാണ് ഈ വർഷം പ്രവേശനം നൽകുന്നത്.

# വിദ്യാർത്ഥി സംഘടന

സാമൂഹിക ചുറ്റുപാടനുസരിച്ച് ബൗദ്ധികമായും ശാസ്ത്രീയമായും സംവേദനം നടത്താൻ പ്രാപ്തരും പ്രബുദ്ധരുമായ പ്രബോധന വിംഗിനെ രൂപപ്പെടുത്തുകയെന്ന ദൗത്യമാണ് റഹ്മാനി കോഴ്സ് വിദ്യാർത്ഥി സംഘടനകൾ നിർവ്വഹിക്കുന്നത്. ബഹ്ജത്തുൽ ഉലമയാണ് വിദ്യാർത്ഥി സംഘനടകൾക്ക് കരുത്ത് പകരുന്നത്. വാരാന്ത യോഗങ്ങൾ സംഘടിപ്പിച്ച് പ്രസംഗ -പ്രബന്ധ- വിവർത്തന- ഭാഷാ പരിപോഷണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കാലിക പ്രസക്തമായ വിഷയാധിഷ്ഠിതമായി ചർച്ചകളും സെമിനാറുകളും നടത്തിക്കൊിരിക്കുന്നു. കലാസാഹിത്യ പരിപോഷണം നൽകുന്നതോടൊപ്പം വിദ്യാർത്ഥികളിൽ ആദർശ-അന്വേഷണ-പഠന ബോധം വളർത്തിയെടുക്കുകയും ചെയ്യുന്നു.



# സിലബസ്

മുത്വവ്വൽ വരെയുള്ള മത പഠനത്തിന് പുറമെ പ്ലസ്ടു, ഡിഗ്രി, പി.ജി എന്നിവ ഉൾക്കൊള്ളുന്ന എട്ടു വർഷ കോഴ്സ് 4 സെഷനുകളിലായിട്ടാണ് നടത്തപ്പെടുന്നത്

1 ആലിയഃ (2 വർഷം) 2 ആലിമിയ്യഃ (3 വർഷം)

3 ഫാദിലിയ്യഃ (2 വർഷം) 4 ഇഖ്സാഇയ്യഃ (ഒരു വർഷം)

## ആലിയഃ

പ്ലസ്ടു പൂർത്തിയാക്കുന്നതോടൊപ്പം അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ പ്രാഥമികാടിത്തറ ശരിയാക്കുകയും പൗരാണിക ദർസീ സിലബസിലെ പ്രാരംഭ കിതാബുകൾ പൂർത്തിയാക്കി രണ്ടാം ഘട്ട കിതാബുകൾ തുടങ്ങുകയും ചെയ്യുന്നു.

## ആലിമിയ്യഃ

തഫ്സീർ, ഹദീസ്, കർമ്മശാസ്ത്രം, അറബി വ്യാകരണം, സാഹിത്യം, തർക്കശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലും ഭാഷകളിലും കൂടുതൽ പ്രാവീണ്യം നേടുന്നതോടൊപ്പം യു.ജി.സി അംഗീകാരമുള്ള ഡിഗ്രി (അറബിക് / ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ/സോഷ്യോളജി) കരസ്ഥമാക്കുകയും ചെയ്യുന്നു. കൂടാതെ മികച്ച കമ്പ്യൂട്ടർ കോഴ്സുകൾ നൽകപ്പെടുന്നു.

## ഫാളിലിയ്യഃ

ഇസ്‌ലാമിക കർമ്മ ശാസ്ത്രം, ഹദീസ്, തഫ്സീർ, തർക്കശാസ്ത്രം, തസവ്വുഫ്, ചരിത്രം, അറബി സാഹിത്യം തുടങ്ങിയവയിൽ ഉന്നത പഠനവും യു.ജി.സി അംഗീകാരമുള്ള ബിരുദവും (പി.ജി) നൽകുന്നു.

## ഇഖ്സാഇയ്യഃ

ഫിഖ്ഹ്, തഫ്സീർ, ഹദീസ്, അറബി സാഹിത്യം, ചരിത്രം ഇവയിൽ ഏതെങ്കിലും ഒരു വിഷയത്തിലൂന്നിയ ഗവേഷണ പഠനത്തിലൂടെയും ഫിഖ്ഹ്, ഹദീസ് എന്നിവയിലെ ഗഹനമായ പഠനത്തിലൂടെയും റഹ്മാനി ബിരുദത്തിന് അർഹരാക്കുന്നു.



# അഡ്മിഷൻ

അടിസ്ഥാന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷാ ബോർഡിന്റെ പ്രത്യേക പരീക്ഷയിലും ഇന്റർവ്യൂവിലും യോഗ്യത തെളിയിക്കുന്നവർക്ക് റഹ്മാനി ബിരുദ കോഴ്സിലേക്ക് അഡ്മിഷൻ നൽകുന്നു.

## അടിസ്ഥാനയോഗ്യത

എസ്.എസ്.എൽസി/ തത്തുല്ല്യം തുടർപഠന യോഗ്യത നേടുക.

സമസ്ത മദ്റസ ഏഴാം തരം/ തത്തുല്ല്യം പാസ്സാവുക.

01/06/2003 ന് ശേഷം ജനിച്ചവരാവുക

## അപേക്ഷിക്കേ വിധം

ഈ പ്രോസ്പെക്ടസിനോടൊപ്പം ചേർത്തിട്ടുള്ള/ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പൂരിപ്പിച്ച് നിശ്ചിത തിയ്യതിക്ക് മുമ്പായി റഹ്മാനിയ്യ ഓഫീസിലോ പരീക്ഷാ കേന്ദ്രങ്ങളിലോ സമർപ്പിക്കേണ്ടതാണ്.

## പ്രവേശന പരീക്ഷ

പൊതു വിജ്ഞാനം, ശാസ്ത്ര ബോധം, ഭാഷാ കഴിവ് , മത ബോധം, റീസണിംഗ് തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയായിരിക്കും പരീക്ഷ നത്തപ്പെടുക. ഫോട്ടോ പതിച്ച അ ഡ്മിറ്റ് കാർഡ്, എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റ് കോപ്പി, ബോൾ പോയിന്റ് പേന എന്നിവ നിർബന്ധമായും കൈവശമുണ്ടായിരിക്കേണ്ടതാണ്.

## പ്രധാന തിയ്യതികൾ

അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി : 02/05/2020 പ്രവേശന പരീക്ഷ : 05/05/2020 രാവിലെ 11 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നടക്കുന്നതാണ്. യോഗ്യത നേടിയ വിദ്യാർത്ഥികൾക്കുള്ള ഇന്റർവ്യൂ 30/05/2020ന് അലോട്ട്മെന്റ് ലഭിച്ച സ്ഥാപനങ്ങളിൽ നടക്കും

# പരീക്ഷാ കേന്ദ്രങ്ങൾ

1. റഹ്മാനിയ്യ കാമ്പസ്, കടമേരി. (കോഴിക്കോട്) — ഫോൺ: 9744916555
2. അൽ ഹിദായ അറബിക് കോളേജ്, മന്ന, തളിപ്പറമ്പ്. (കണ്ണൂർ) — ഫോൺ: 9947347211
3. സൈനുൽ ഉലമാ ഇസ്ലാമിക് അക്കാദമി, കൊണ്ടോട്ടി. (മലപ്പുറം) — ഫോൺ: 9633609297
4. സമസ്ത കാര്യാലയം, കൽപ്പറ്റ. (വയനാട്) — ഫോൺ: 9745156454